**<u>15 -ാം കേരള നിയമസഭ</u>**

**<u>13 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4324</u>** **<u>18-03-2025 - ൽ മറുപടിയ്ക്ക്</u>**

**<u>മലപ്പുറം ജില്ലയിലെ പൊതുമേഖല സ്ഥാപനങ്ങൾ</u>**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><th colspan="2">ശ്രീ. അഹമ്മദ് ദേവർകോവിൽ</th><th colspan="2">ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)</th></tr>
<tr><td>(എ)</td><td>മലപ്പുറം ജില്ലയിൽ 2011-16 കാലഘട്ടത്തിൽ എത്ര പുതിയ പൊതുമേഖല വ്യവസായങ്ങൾ ആരംഭിച്ചു എന്ന് വ്യക്തമാക്കാമോ;</td><td>(എ)</td><td>2011-16 കാലയളവിൽ വ്യവസായ വകുപ്പിന്റെ അധീനതയിൽ മലപ്പുറം ജില്ലയിൽ പുതിയതായി പൊതുമേഖലാ സ്ഥാപനങ്ങളൊന്നും ആരംഭിച്ചിട്ടില്ല.</td></tr>
<tr><td>(ബി)</td><td>2011-16 കാലഘട്ടത്തിൽ മലപ്പുറം ജില്ലയിൽ എത്ര പൊതുമേഖലാ വ്യവസായങ്ങൾ നഷ്ടത്തിലായി എന്നും 2016-ന് ശേഷം എത്രയെണ്ണത്തെ ലാഭത്തിലാക്കാൻ കഴിഞ്ഞു എന്നും വ്യക്തമാക്കാമോ;</td><td>(ബി)</td><td>വ്യവസായ വകുപ്പിന്റെ അധീനതയിൽ മലപ്പുറം ജില്ലയിൽ രജിസ്റ്റേർഡ് ഓഫീസ് സ്ഥിതിചെയ്യുന്ന പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ 2015-16, 2023-24 വർഷങ്ങളിലെ പ്രവർത്തന ലാഭ നഷ്ട കണക്കുകളുടെ വിവരം ചുവടെ ചേർക്കുന്നു.<br><br>രൂപ ലക്ഷത്തിൽ<br><br>
<table>
<tr><th></th><th>2015-16</th><th>2023-24</th></tr>
<tr><td>കെൽട്രോൺ ഇലക്ട്രോ സിറാമിക്സ് ലിമിറ്റഡ്</td><td>111.94</td><td>625.47</td></tr>
<tr><td>മലപ്പുറം കോ-ഓപ്പറേറ്റീവ് സ്പിന്നിങ് മിൽസ് ലിമിറ്റഡ്</td><td>-489.00</td><td>-199.64</td></tr>
<tr><td>മലബാർ കോ-ഓപ്പറേറ്റീവ് ടെക്സ്റ്റയിൽസ് ലിമിറ്റഡ്</td><td>-361.44</td><td>-248.01</td></tr>
</table></td></tr>
<tr><td>(സി)</td><td>മലപ്പുറം ജില്ലയിൽ 2016 മുതൽ നാളിതുവരെ എത്ര പുതിയ ചെറുകിട പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ ആരംഭിച്ചു; വിശദമാക്കാമോ?</td><td>(സി)</td><td>2016 മുതൽ നാളിതുവരെ വ്യവസായ വകുപ്പിന്റെ അധീനതയിൽ മലപ്പുറം ജില്ലയിൽ പുതിയതായി പൊതുമേഖലാ സ്ഥാപനങ്ങളൊന്നും ആരംഭിച്ചിട്ടില്ല.</td></tr>
</table>

സെക്ഷൻ ഓഫീസർ